LIBRARY ARCHIVES Kerala Legislative Assembly

മുതലപ്പൊഴി ടൂറിസം പദ്ധതി

127(737) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്ത് മുതലപ്പൊഴി ടൂറിസം പദ്ധതിക്കായി ഭൂമി കണ്ടെത്തുകയും ബഡ്ജറ്റിൽ തുക അനുവദിക്കുകയും ചെയ്തിരുന്നോ?

2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിലുള്ള പെരുമാതുറ കടൽത്തീരത്ത് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി 22-12-2015-ലെ സ.ഉ.(ആർ.ടി.) നമ്പർ 623/15/ടൂറിസം ഉത്തരവ് പ്രകാരം മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി) 2016-2021-ലെ സർക്കാർ ഈ ഭൂമി അദാനി പോർട്ട്സിന് കൈമാറിയിരുന്നോ; പദ്ധതിക്കായി പകരം ഭൂമി അനുവദിച്ചിട്ടുണ്ടോ?

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിലുള്ള ഈ ഭൂമി വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് അദാനി പോർട്ട്സിന് കൈമാറിയതിനെത്തുടർന്ന് പദ്ധതിക്കായി പകരം ഭൂമി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ചിട്ടുണ്ട്.

(സി) എങ്കിൽ ഉദ്ഘാടനകർമ്മം നടത്തിയ പ്രസ്തുത പദ്ധതി നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

പദ്ധതിക്ക് ഭരണാനുമതി പുതുക്കി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കായൽ ടൂറിസം

128 (738) ശ്രീ. തോമസ് കെ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ ടൂറിസത്തിന്റെ അനന്ത സാധ്യതകൾ മനസ്സിലാക്കി ഈ രംഗത്ത് വലിയ വളർച്ച കൈവരിക്കാൻ കഴിയത്തക്ക നിലയിൽ സംസ്ഥാനത്ത് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

കായൽ ടൂറിസം പ്രോത്സാഹിപ്പിക്കാനായി കോട്ടയം ജില്ലയിൽ വലിയമട വാട്ടർ ഫ്രണ്ട് പദ്ധതിക്കും ചീപ്പുങ്കൽ കുമരകം ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുടി ലഭിക്കുന്നമുറയ്ക്ക്